(7) നേരിട്ടുള്ള നിയമനത്തിൽ വിവിധ സമുദായങ്ങൾക്ക് സാധാരണ ഗതിയിൽ നൽകുന്ന സംവരണനയം പിൻതുടരണം.

(8) സംസ്ഥാന സിവിൽ സർവ്വീസിൽ 8 വർഷം പൂർത്തിയാക്കുന്ന വരെ ഐ എ. എസ്. തലത്തിലേക്ക് പ്രൊമോഷനുവേണ്ടി പരിഗണിക്കണം.

(ഡി) അതിൻമേൽ അന്നത്തെ ഗവൺമെന്റ് നടപടികളൊന്നും എടുത്തിട്ടില്ല.

പുനർനിയമനം നൽകപ്പെട്ട ഐ. എ. എസ്. ഉദ്യോഗസ്ഥർ

5 [3698] *ശ്രീ. കെ. പി. രാജേന്ദ്രൻ:*
,, *ബിനോയ് വിശ്വം:*
,, *എം. കുമാരൻ:*
,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഐ. എ. എസ്. ഉദ്യോഗസ്ഥർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർവ്വീസിൽ നിന്ന് കേന്ദ്ര സർവ്വീസിലേക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുള്ളവർ എത്ര; ഇവർ ഏതൊക്കെ ഡിപ്പാർട്ട്മെന്റുകളിലാണ് ചുമതല വഹിക്കുന്നത്;

(സി) വിരമിച്ചവർ ഉൾപ്പെടെ എത്ര ഐ. എ. എസ്. ഉദ്യോഗസ്ഥരെ പുനർ നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവരെ ഏതൊക്കെ വിഭാഗങ്ങളിലാണ് നിയമിച്ചിട്ടുള്ളതെന്നും ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വിരമിച്ച മുൻ ചീഫ് സെക്രട്ടറിക്ക് ഏത് വകുപ്പിലാണ് പുനർ നിയമനം നൽകിയിട്ടുള്ളത്; അദ്ദേഹത്തിന്റെ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) 2001-ന് ശേഷം സംസ്ഥാനത്ത് വിരമിച്ച ഏതൊക്കെ ചീഫ് സെക്രട്ടറിമാർക്കാണ് പുനർ നിയമനം നൽകിയിട്ടുള്ളത്; ഇവർ ഇപ്പോൾ വഹിക്കുന്ന ചുമതലകൾ എന്തെല്ലാം; ഇവരുടെ സേവനവേതന വ്യവസ്ഥകൾ എന്തെല്ലാം;

(എഫ്) സംസ്ഥാനത്ത് സർക്കാർ സർവ്വീസിൽ എം. ജി. പി. യുടെ ഭാഗമായി തസ്തികകൾ കുറയ്ക്കുമ്പോൾ ഉന്നത തസ്തികകളിൽ നിന്ന് വിരമിച്ചവരെ പുനർ നിയമനം നടത്തുന്നത് സർക്കാർ നയമാണോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 112 ഐ. എ. എസ്. ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാന സർവ്വീസിൽ നിന്ന് 41 പേർ കേന്ദ്ര സർവ്വീസിൽ ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ട്. അവരുടെ പേരു വിവരവും അവർ ഏത് വകുപ്പിൽ/സ്ഥാപനത്തിൽ ആണ് ജോലി ചെയ്യുന്നത് എന്നും ഉള്ള സ്റ്റേറ്റ്മെന്റ് അനുബന്ധം ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.†

(സി) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി സർവ്വീസിൽ നിന്നും വിരമിച്ച 7 ഐ. എ. എസ്. ഉദ്യോഗസ്ഥന്മാർക്ക് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിയമനം നൽകിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ഡി) റിട്ടയർ ചെയ്ത മുൻ ചീഫ് സെക്രട്ടറി ശ്രീ. ബാബുജേക്കബിന് അർബൻ റിന്യൂവൽ പ്രോജക്ടുകളുടെയും വിദേശ സഹായ പദ്ധതികളുടെയും (Externally Aided Projects) അഡ്വൈസർ ആയി ആണ് നിയമനം നൽകിയിട്ടുള്ളത്. പ്രസ്തുത അഡ്വൈസറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും 22-3-2005-ലെ സർക്കാർ ഉത്തരവ് നമ്പർ 2226/2005 പൊ.ഭ.വ പ്രകാരം നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ഉൾപ്പടുത്തിയിട്ടുണ്ട്.†

(ഇ) 2001-ന് ശേഷം സർവ്വീസിൽ നിന്ന് വിരമിച്ച 2 ചീഫ് സെക്രട്ടറി മാർക്കാണ് ഇപ്രകാരം നിയമനം നൽകിയിട്ടുള്ളത്. റിട്ടയർ ചെയ്ത മുൻ ചീഫ് സെക്രട്ടറി ശ്രീ. എൻ. ചന്ദ്രശേഖരൻനായരെ കേരളാ ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ഡയറക്ടറും ചെയർമാനുമായി ആണ് നിയമിച്ചിട്ടുള്ളത്. പ്രസ്തുത കോർപ്പറേഷന്റെ ആർട്ടിക്കിൾ 34 (ii), 36 എന്നിവ പ്രകാരം കോർപ്പറേഷന്റെ ബോർഡ് ഓഫ് ഡയറക്ടർമാർ ഏൽപ്പിക്കുന്ന ചുമതലകളാണ് അദ്ദേഹം വഹിക്കേണ്ടത്. അദ്ദേഹത്തിന് പ്രതിമാസം 10,000 രൂപ ഓണറേറിയം കമ്പനി നൽകുന്നുണ്ട്. ഇതിനു പുറമെ ഔദ്യോഗിക യാത്രകൾക്ക് ബത്തയും കമ്പനി വക കാറും വീട്ടിൽ ടെലിഫോണും മെഡിക്കൽ റി-ഇംപേഴ്സ്മെന്റ് സൗകര്യവും കെ. ടി. ഡി. എഫ്. സി. എം. ഡി.ക്ക് അനുവദനീയമായിട്ടുള്ള മറ്റ് ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.

ചീഫ് സെക്രട്ടറിയായി റിട്ടയർ ചെയ്ത ശ്രീ. ബാബു ജേക്കബിനെ അർബൻ റിന്യൂവൽ പ്രോജക്ടുകളുടെയും വിദേശ സഹായ പദ്ധതികളുടെയും അഡ്വൈസർ ആയി നിയമിച്ചു. ഈ പദവി ചീഫ് സെക്രട്ടറി റാങ്കിൽ ഉള്ളതും സ്റ്റേറ്റ് കാർ ഉൾപ്പെടെ ചീഫ് സെക്രട്ടറിക്ക് ലഭ്യമാവുന്ന എല്ലാ സൗകര്യങ്ങളും

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നതുമാണ്. ഈ നിയമനത്തിനുള്ള ശമ്പളം കേരളാ സർവ്വീസ് ചട്ടം പാർട്ട് III റൂൾ 100 പ്രകാരം ഉള്ളതാണ്. ചുമതലകൾ നിർവ്വഹിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി വച്ചിട്ടുണ്ട്.†

(എഫ്) ഭരണ നവീകരണ പരിപാടി (എം.ജി.പി.) യുടെ ഭാഗമായി തസ്തികകൾ കുറയ്ക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല. റിട്ടയർ ചെയ്യുന്നവരെ പുനർനിയമിക്കുക എന്നത് സർക്കാർ നയമല്ല. എന്നാൽ ചില മേഖലകളിൽ ഭരണപരമായ സൗകര്യം മുൻനിർത്തി അത്യാവശ്യഘട്ടങ്ങളിൽ റിട്ടയർ ചെയ്ത ഉദ്യോഗസ്ഥരുടെ സേവനം സർക്കാർ ലഭ്യമാക്കാറുണ്ട്.

പുനർ നിയമനം തടയാൻ നടപടി

6 [3699] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ഗവൺമെന്റ് സ്ഥാപനങ്ങളിൽ ഏതൊക്കെ തസ്തികകളിൽ ഗവൺമെന്റ് സർവ്വീസിൽ നിന്ന് വിരമിച്ചവരെ വീണ്ടും നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരെ നിയമിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(സി) ഇവർ സർക്കാരിൽ നിന്ന് രണ്ട് ആനുകൂല്യം പറ്റുന്നുണ്ട് എന്ന കാര്യം സർക്കാരിന് അറിയുമോ;

(ഡി) അനുദിനം, വിദ്യാസമ്പന്നരും തൊഴിൽ രഹിതരും വർദ്ധിച്ചു വരുന്ന സംസ്ഥാനത്ത് ഇങ്ങനെയുള്ള നിയമനം തടയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തീർപ്പാക്കാത്ത ഫയലുകളുടെ എണ്ണം

7 [3700] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

ഓരോ ഡിപ്പാർട്ടുമെന്റിലും തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ എണ്ണം എത്ര വീതം ഉണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

തീരുമാനമാകാതെ കിടക്കുന്ന ഫയലുകളുടെ ഡിപ്പാർട്ടുമെന്റ് തിരിച്ചുള്ള സ്ഥിതി വിവരക്കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[29-3-2005-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 5 (632) ദയവായി കാണുക]

DETAILS OF MOUs SIGNED IN THE GIM AT KOCHI

Sl. No.	*Project Name*	*Company*	*Amount Rs.*
1	Setting up of P.W. & S.S.H. at Alappuzha	Atlanta Traders Shri Thomas Chandi Alappuzha	1725.82 lakhs
2	Medinet, Mis for health dept. In Kerala	Hi-reach tafotech Chennai Pvt. Ltd. Shri Narendranath Chennai	46 crores
3	Institute of medical sciences hospital & research centre affiliated to international institute.	Universal Empire Instituite of Medical Sciences (Pvt.) Ltd. Shri Balachandran Nair, Kochi	100 m. $
4	Biomedical waste disposal in the state of Kerala	Geonomic Pvt. Ltd. Shri Chakravarthy Bangalore	2500 lakhs
5	Development of paywards and short stay homes at dist. Hospital, W & C hospital at Kollam	Asian International Private School	560 lakhs
6	Setting up of paywards and short stay homes at Trivandurm and Kottayam	Al Nand Group Shri Varghese Kurian Bahrain	34.5 crores
7	Development of Foreign Medical University	NRI Institute of Medical Sciences & Research Shri C. George Trivandrum	500 crores

LIBRARY ARCHIVES Kerala Legislative Assembly

Sl. No.	*Project Name*	*Company*	*Amount Rs.*
8	An Institute of Medical Studies at Palakkad dist.	Universal institute of advance studies & research Pvt. Ltd. Shri Sudheer Gopi M. D., Cochin	100 m. $
9	Telemedicine kendra, health system in the State of Kerala	Nest Group Shri Sankar Iyer, Cochin	16 crores
10	Biomedical waste disposal and Management in Kerala	Al basti trading Shri Abdul Gaffoor Dubai, UAE	135 crores
11	Setting up of an Aurvedic wellness resorts & spa at Trivandrum	Great India Tourism consultancy services Shri E. M. Najeeb	2500 lakhs
12	Setting up of an Ayurvedic Institute in Germany	Vallomed gmb bahuhofstrasse Shri Thomas Vallomtharayil Germany	6000 lakhs
13	Setting up of super speciality block in Medical College, Kozhikode	Holiday group of companies Shri S. C. Thampi, Sharjah	20 crores
14	Paywards & Short stay homes at Kozhikode	Crimpson Property Pvt. Ltd. Shri Sanjay Munshi, Mumbai	1725.82 lakhs

LIBRARY ARCHIVES Kerala Legislative Assembly